"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ലയിലെ അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി- യിൽ നിന്ന് വായ്പ എടുക്കുന്നതിന് അമ്പലവയൽ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2406/2025/LSGD തീയതി,തിരുവനന്തപുരം, 03-10-2025

---

പരാമർശം:-

1. സ.ഉ.(കൈ) 147/2009/ത.സ്വ.ഭ.വ. തീയതി 29/07/2009
2. കെ.യു,ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 27/05/2024 ലെ KURDFC/LB/735/2023 നമ്പർ കത്ത്
3. അമ്പലവയൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17/01/2025 ലെ 1(2)/25 നമ്പർ തീരുമാന
4. അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18/01/2025 ലെ 401006/DPP101/GPO/2022/12066(2) നമ്പർ കത്ത
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15/04/2025 ലെ LSGD/PD/4930/2025-DPLA1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി 10 കോടി രൂപ മുതൽ മുടക്കിൽ നിർവഹിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും തുക കണ്ടെത്താൻ സാധിക്കാത്തതിൽ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും ഒൻപതു കോടി രൂപ സർക്കാർ അനുമതിയോടെ വായ്പ എടുക്കുന്നതിന് പരാമർശം (3) പ്രകാരം പഞ്ചായത്ത് സമിതി കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പയായി ഒൻപതു കോടി രൂപ മാത്രം എടുക്കുന്നതിനുള്ള അപേക്ഷ പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള അനുബന്ധ രേഖകൾ സഹിതം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പ്രവർത്തന വരുമാനം കുറവാണ് എങ്കിലും പദ്ധതി നടപ്പാക്കുമ്പോൾ കിട്ടാവുന്ന വരുമാനം ഏകദേശം 1.83 കോടി രൂപ പ്രതിവർഷം വാടക വരുമാനം പ്രതീക്ഷിക്കുന്നതിനാൽ 1.17 കോടി രൂപ പ്രതിവർഷം തിരിച്ചടവുള്ളതായ ഒൻപതു കോടിയുടെ ലോൺ - ന് അനുമതി നല്കാമെന്നുള്ള പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ പരാമർശം (5) ശിപാർശയുടെ അടിസ്ഥാനത്തിലും, പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും, വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ അമ്പലവയൽ ഗ്രാമപഞ്ചായത്തിനുള്ള ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാവുന്നതാണെന്നുള്ള പരാമർശം (3) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, വായ്പ അനുവദിക്കാമെന്നുള്ള കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ പരാമർശം (2) സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലും, പരാമർശം (1) പ്രകാരമുള്ള സർക്കാർ വ്യവസ്ഥകൾക്കും വിധേയമായി വയനാട് ജില്ലയിലെ അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് 9,00,00,000/- (ഒൻപതു കോടി രൂപ മാത്രം) രൂപ 9% പലിശ നിരക്കിൽ 13 വർഷത്തെ തിരിച്ചടവ് കാലയളവിൽ വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha L
Date: 04-10-2025 11:03:23

സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2. സെക്രട്ടറി, അമ്പലവയൽ ഗ്രാമപഞ്ചായത്ത്, വയനാട്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
6. കരുതൽ ഫയൽ (ഡി.ബി1/141/2025/എൽ.എസ്.ജി.ഡി)